**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം -പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ.മഹേഷ്.എ യുടെ അന്യത്രസേവനകാലം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ)വകുപ്പ്

സ.ഉ. (സാധാ) നം.2747/2016/തസ്വഭവ തീയതി.തിരുവനന്തപുരം.27/09/2016

---

പരാമർശം : 1) സർക്കുലർ നം.42/13/ഫിൻ തീയതി: 10/03/2013.

2) സർക്കാർ ഉത്തരവ് (സാധാ) നം.1806/14/തസ്വഭവ തീയതി 14/07/2014.

3) സർക്കാർ ഉത്തരവ് (സാധാ) നം.3111/15/തസ്വഭവ തീയതി 13/10/2015.

4) ശ്രീ.മഹേഷ്.എ യുടെ 23/04/2016 ലെ അപേക്ഷ.

5) പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10/06/2016 ലെ കത്ത്.

### ഉത്തരവ്

പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്ര സേവനകാല വ്യവസ്ഥയിൽ ജോലിചെയ്യുന്ന ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ.മഹേഷ്.എ യ്ക്ക് അന്യത്രസേവനകാലം ദീർഘിപ്പിച്ച് നല്കണമെന്നഭ്യർഥിച്ച് പരാമർശം 4 പ്രകാരം ടിയാൻ സമർപ്പിച്ച അപേക്ഷ പരാമർശം 5 പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ സമർപ്പിച്ചു. ശ്രീ.മഹേഷ്.എ യ്ക്ക് പരാമർശം (2) ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ പഞ്ചായത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി അന്യത്രസേവനകാല വ്യവസ്ഥയിലെ നിയമനം നല്കുകയും പരാമർശം (4) പ്രകാരം ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. ശ്രീ.മഹേഷ്.എ യുടെ അന്യത്ര സേവനകാലവ്യവസ്ഥയിലുള്ള നിയമന കാലാവധി 18/07/2016 ൽ അവസാനിച്ചു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം 1 സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരവും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിലും പാലക്കാട് ജില്ലാ പഞ്ചായത്തിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്ക് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II ശ്രീ.മഹേഷ്.എ യുടെ അന്യത്രസേവനകാലവ്യവസ്ഥയിലുള്ള നിയമനം 19/07/2016 മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല.സി.എസ്**

ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രസിഡൻറ്/സെക്രട്ടറി,പാലക്കാട് ജില്ലാ പഞ്ചായത്ത്. പാലക്കാട്
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്
ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ശ്രീ.മഹേഷ്.എ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെക്രട്ടറി,പാലക്കാട് ജില്ലാ പഞ്ചായത്ത്മുഖേന)
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.(ഇപിഎ I/124/2016/തസ്വഭവ നമ്പർ ഫയൽ)

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**